KSEB

# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
(1956 -ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)
CIN:U40100KL2011SGC027424
രജിസ്റ്റേർഡ് ഓഫീസ് : വൈദ്യുതി ഭവനം, പട്ടം ,
തിരുവനന്തപുരം -695004 , കേരളം.
ഫോൺ : +91471 2514472 2514527 2514455 2514608
വെബ് : www.kseb.in ഇ-മെയിൽ pokseb@gmail.com

## സംഗ്രഹം

ജീവനക്കാര്യം - 15.07.2018 ന് ഉച്ചക്കട ഇലക്ട്രിക്കൽ സെക്ഷനിലെ ഇലക്ട്രിസിറ്റി വർക്കർ ആയ ശ്രീ. റിജിലിന് അദ്ദേഹത്തിന്റെ ഔദ്യോഗിക പരിധിക്കു പുറത്ത് പൂഴിക്കുന്ന് ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ പരാതി പരിഹരിക്കുന്നതിനിടയിലുണ്ടായ അപകടം - ആനുകൂല്യങ്ങൾ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## കോർപ്പറേറ്റ് ഓഫീസ് (പേഴ്സണൽ)

ബി.ഒ (ഡി.ബി) നം.. 196/2020 (PS.8/BE/NFA/Rigil/2019) തീയതി, തിരുവനന്തപുരം 17.03.2020

---

സൂചന:- 1) നെയ്യാറ്റിൻകര ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയറുടെ 09.10.2019 – ലെ ജി.ബി.1/അപകടം/നെയ്യാറ്റിൻകര/2019-20/3217 നമ്പർ കത്ത്.

2) 14.01.2020 – ലെ മുഴുവൻ സമയ ഡയറക്ടർമാരുടെ യോഗത്തിലേക്കായി ചീഫ് പേഴ്സണൽ ഓഫീസർ സമർപ്പിച്ച PS.8/BE/NFA/Rigil/2019 നമ്പർ കുറിപ്പ്.

3) ചെയർമാൻ മാനേജിംഗ് ഡയറക്ടറുടെ നമ്പർ. പി.എസ്.8/BE/NFA/Rigil/ 2926 – 63/2019 തീയതി 21.01.2020 കുറിപ്പ്.

4) 04.03.2020 – ൽ കൂടിയ 52 -)ം മത് ബോർഡ് ഓഫ് ഡയറക്ടേഴ്സിന്റെ മീറ്റിംഗിലെ നടപടിക്രമം (അജണ്ട 13-03/2020).

## ഉത്തരവ്

ഉച്ചക്കട ഇലക്ട്രിക്കൽ സെക്ഷനിൽ ഇലക്ട്രിസിറ്റി വർക്കർ ആയി ജോലിനോക്കിയിരുന്ന ശ്രീ. റിജിലിന് 15.07.2018 – ന് വൈകുന്നേരം പൂഴിക്കുന്ന് ഇലക്ട്രിക്കൽ സെക്ഷനു കീഴിൽ ടി യാന്റെ വീടിനു സമീപമുള്ള ഒരു ഉപഭോക്താവിന്റെ വൈദ്യുതി തകരാർ പരിഹരിക്കുന്നതിനായി ഏണി ഉപയോഗിച്ച് പോസ്റ്റിൽ കയറുന്നതിനിടയിൽ കാൽ വഴുതി നിലത്തു വീണ് ഗുരുതരമായി പരിക്കേൽക്കുകയുണ്ടായി. അപകടത്തിൽ തലയ്ക്ക് ക്ഷതമേറ്റ് ചലനശേഷിയും ഓർമ്മയും നഷ്ടപ്പെട്ട് ശ്രീ. റിജിലിനെ വീട്ടിൽ ആശുപത്രിക്കു സമാനമായ സൗകര്യമൊരുക്കി ഹോം നെഴ്സിനെ ഏർപ്പെടുത്തി പരിചരിച്ചുവരുന്നതായി നെയ്യാറ്റിൻകര ഇലക്ട്രിക്കൽ ഡിവിഷൻ, എക്സിക്യൂട്ടീവ് എൻജിനീയർ പരാമർശം (1) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. കൂടാതെ, നാളിതുവരെയുള്ള ചികിത്സയ്ക്കായി 60 ലക്ഷം രൂപയ്ക്കുമുകളിൽ ചെലവു വന്നിട്ടുള്ളതായും തന്മൂലം ഭാര്യയും രണ്ടു കുട്ടികളും വൃദ്ധരായ മാതാപിതാക്കളും അടങ്ങിയ കുടുംബത്തിന്റെ അവസ്ഥ ദുരിത പൂർണ്ണമാണെന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നു. KSEBL നോട് ആത്മാർത്ഥതയോടെയും ഉപഭോക്താക്കളോട് നല്ല സമീപനത്തോടെയും പെരുമാറുന്ന വ്യക്തിയായതിനാലാണ് തന്റെ ഔദ്യോഗിക പരിധിയിലല്ലെങ്കിലും അപകടം ഒഴിവാക്കുവാൻ ശ്രീ. റിജിൽ ശ്രമിച്ചതെന്നും റിപ്പോർട്ടു ചെയ്തിട്ടുണ്ട്.

എല്ലാ മാസവും ചികിത്സയായി നല്ലൊരു തുക കണ്ടെത്തുവാൻ ബുദ്ധിമുട്ട് നേരിടുന്ന കുടുംബത്തെ

പ്രസ്തുത അപകടത്തെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിലുണ്ടായ അപകടമായി കണക്കാക്കി ധനസഹായം അനുവദിക്കുന്നതിൻവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് എക്സിക്യൂട്ടീവ് എൻജിനീയർ അഭ്യർത്ഥിച്ചിരുന്നു.

ശ്രീ. റിജിലിനുണ്ടായ അപകടം ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിലാണുണ്ടായതെന്ന് കണക്കാക്കുകയാണെങ്കിൽ LTS – ലെ വ്യവസ്ഥകൾ പ്രകാരം മുഴുവൻ ചികിത്സാ ചെലവിനും ആവശ്യപ്പെടുകയാണെങ്കിൽ മെഡിക്കൽ അഡ്വാൻസിനും 1923 – ലെ തൊഴിലാളി നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം വയസ്സ് ഘടകത്തിന് ആനുപാതികമായി പരമാവധി 100% സമ്പാദന ശേഷിക്കുറവ് അല്ലെങ്കിൽ അതിൽ കുറവ് ശേഷിക്കുറവ് സംഭവിക്കുകയാണെങ്കിൽ നഷ്ടപരിഹാരത്തിനും കേരള സർവ്വീസ് റൂൾസിലെ വ്യവസ്ഥകൾക്ക് വിധേയമായി പ്രത്യേക അവശത അവധിക്കും അർഹതയുണ്ട്.

പ്രസ്തുത വിഷയം 04.03.2020 ൽ കൂടിയ കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ 52 -) മത് ബോർഡ് ഓഫ് ഡയറക്ടർമാരുടെ യോഗത്തിൽ പരാമർശം 3 കുറിപ്പ് പ്രകാരം പരിഗണിയ്ക്കുകയും ശ്രീ. റിജിലിനുണ്ടായ അപകടത്തിന് ടിയാന്റെ സാഹചര്യവും സാമ്പത്തികമായ പിന്നോക്കാവസ്ഥയും കണക്കിലെടുത്ത്, ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് നിലവിലുള്ള വ്യവസ്ഥകളിൽ ഇളവുവരുത്തി ദീർഘകാല കരാറിലേയും 1923 ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിലേയും വ്യവസ്ഥകളിന്മേൽ ആനുകൂല്യങ്ങൾ അനുവദിക്കുവാൻ പരാമർശം (4) പ്രകാരം തീരുമാനിക്കുകയുണ്ടായി.

മേൽ തീരുമാനം പരിഗണിച്ച് ശ്രീ. റിജിൽ ജോലിനോക്കിയിരുന്ന സെക്ഷന്റെ ഔദ്യോഗിക പരിധിക്ക് പുറത്ത് മറ്റൊരു സെക്ഷനു കീഴിൽ ഉപഭോക്താവിനുണ്ടായ വൈദ്യുതി തടസ്സം പരിഹരിക്കുന്നതിനുള്ള ശ്രമത്തിനിടയിൽ ഉണ്ടായ അപകടത്തെ കൃത്യനിർവ്വഹണത്തിനിടയിലുണ്ടായ അപകടമായി കണക്കാക്കി ദീർഘകാല കരാറിലേയും 1923 – ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിലേയും വ്യവസ്ഥകളിന്മേൽ ആനുകൂല്യങ്ങൾ പ്രത്യേക പരിഗണന നൽകി അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബോർഡ് ഓഫ് ഡയറക്ടർമാരുടെ ഉത്തരവിൻ പ്രകാരം

**ഒപ്പ്**
**ലേഖ. ജി**
**ചീഫ് ഇന്റേണൽ ഓഡിറ്റർ &**
**കമ്പനി സെക്രട്ടറി ഇൻ-ചാർജ്ജ്**

പകര്പ്പ് സമര്പ്പണം : -

1) ഡെപ്യൂട്ടി ചീഫ് എൻജിനീയർ, ഇലക്ട്രിക്കൽ സർക്കിൾ, കാട്ടാക്കട, തിരുവനന്തപുരം.

2) എക്സിക്യൂട്ടീവ് എൻജിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ, നെയ്യാറ്റിൻകര.

പകർപ്പ്:-

എല്ലാ ചീഫ് എഞ്ചിനീയർമാർക്കും/ എല്ലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്കും /
എല്ലാ എക്സിക്യൂട്ടീവ് എൻജിനീയർമാർക്കും /എല്ലാ റീജിയണൽ ഓഡിറ്റ് ഓഫീസർമാർക്കും /
എല്ലാ അക്കൗണ്ട് റെൻഡറിംഗ് യൂണിറ്റുകൾക്കും.

ടി. എ ടു ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ, ഐ.റ്റി & എച്ച്. ആർ.എം)
ടി. എ ടു ഡയറക്ടർ (ട്രാൻസ്മിഷൻ, എസ്.ഒ & സേഫ്റ്റി)
ടി. എ ടു ഡയറക്ടർ {ജനറേഷൻ (ഇലക്ട്രിക്കൽ) & എസ്.സി.എം}
ടി. എ ടു ഡയറക്ടർ {ജനറേഷൻ (സിവിൽ)}
കമ്പനി സെക്രട്ടറി ഇൻ ചാർജ്ജ്
സി. എ ടു സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)
ഫിനാൻഷ്യൽ അഡ്വൈസർ / ചീഫ് ഇന്റേണൽ ഓഡിറ്റർ
ലീഗൽഅഡ്വൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫീസർ
ചീഫ് വിജിലൻസ് ഓഫീസർ / ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (ഐ.റ്റി)/
ചീഫ് പബ്ലിക് റിലേഷൻ ഓഫീസർ /ഡെപ്യൂട്ടി സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)
ഫെയർ കോപ്പി സൂപ്രണ്ട് / റിക്കോർഡ് സെക്ഷൻ / ലൈബ്രറി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സീനിയർസൂപ്രണ്ട്